2005 നവംബർ 8

**അഞ്ചു രൂപയുടേതടക്കം നാണയങ്ങൾക്ക് ദൗർലഭ്യമില്ല : ആർ ബി ഐ വ്യക്തമാക്കുന്നു.**

അഞ്ചു രൂപാനാണയങ്ങൾ ദുർലഭമാണ്, അതുകൊണ്ട് അഞ്ചു രൂപാ നോട്ടുകൾ വീണ്ടും ഇറക്കുകയാണ് എന്ന് പ്രസ്താവിക്കുന്ന വാർത്തകൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അഞ്ചു രൂപയുടേതടക്കം ഒരു നാണയത്തിനും റിസർവ് ബാങ്കിലോ മറ്റു ബാങ്കുകളിലോ യാതൊരു ദൗർലഭ്യവും ഇല്ല എന്ന് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി വ്യക്തമാക്കുന്നു. ഏത് സംഖ്യയുടെ നാണയവും പൊതുജനങ്ങൾക്ക് റിസർവ് ബാങ്കിൽ നിന്നോ ഇതര ബാങ്കുകളിൽ നിന്നോ കൈമാറ്റത്തിലൂടെ കരസ്ഥമാക്കാം. എല്ലാ തുകയുടെയും നാണയങ്ങൾ ധാരാളം നീക്കിയിരിപ്പുണ്ടെന്നും വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ അഞ്ചു രൂപാ നോട്ടുകൾ വീണ്ടും ഇറക്കാൻ യാതൊരു ആലോചനയും ഇല്ല.

**പി വി സദാനന്ദൻ**

**കാര്യദർശി**

**പത്രക്കുറിപ്പ് : 2005-06/556.**